കണ്ണാശുപത്രിയിൽ പാരാമെഡിക്കൽ ട്രെയിനികളെ തിരഞ്ഞെടുക്കുന്നു

തിരുവനന്തപുരം: റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഒഫ്താൽമോളജിയിൽ നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് പാരാമെഡിക്കൽ (ഫാർമസിസ്റ്റ്, ലാബ് ടെക്നിഷ്യൻ) നോൺ സ്റ്റൈപെൻഡറി ട്രെയിനികളെ തിരഞ്ഞെടുക്കുന്നു. അപേക്ഷകൾ ഡയറക്ടർക്ക് ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 18. വിശദ വിവരങ്ങൾക്ക് ഫോൺ: 0471 -2304046.

ആറ്റുകാലിലേക്ക് ഭക്തജനപ്രവാഹം

▶ശരണ്യാഭുവനേന്ദ്രൻ

തിരുവനന്തപുരം: ആറ്റുകാലമ്മയുടെ ദർശനപുണ്യം നേടാൻ ദേവീ സന്നിധിയിലേക്ക് ആയിരങ്ങളാണ് നാലാം ഉത്സവദിവസമായ ഇന്നലെയും ഒഴുകിയെത്തിയത്. ക്ഷേത്രവും ഉത്സവമൈതാനവുമൊക്കെ ഭക്തരുടെ തിരക്കിലമർന്നിരിക്കുകയാണ്. ഉത്സവം ആരംഭിച്ച ദിവസം മുതലുണ്ടായ തിരക്ക്, കഴിഞ്ഞ ദിവസങ്ങളിൽ പലഘോഷം നിയന്ത്രണാതീതമായി. ദേവീ ദർശനത്തിനായി കാത്ത് നിന്നവരുടെ തിരക്ക് ബാരിക്കേഡിന് പുറത്തേക്ക് വ്യാപിച്ചിരുന്നു.

അതിരാവിലെ മുതൽ നിർമ്മാല്യ ദർശനത്തിനും ദീപാരാധനയ്ക്കുമായിക്ഷേത്രത്തിൽ വലിയ തിരക്ക് തുടങ്ങി. പുലർച്ചെ മുതൽ എത്തിക്കൊണ്ടിരുന്ന ഭക്തരെ ഉൾക്കൊള്ളാനാകാതെ ക്ഷേത്രവും പരിസരവും വീർപ്പുമുട്ടി.

ദർശനത്തിനും വഴിപാടുകൾക്കുമായി ക്ഷേത്രത്തിന് മുന്നിൽ നീണ്ട വരി ദൃശ്യമായി. വ്രതം നോൽക്കുന്ന കുത്തിയോട്ട ബാലന്മാരെ കാണാനെത്തുന്ന മാതാപിതാക്കളുടെയും ബന്ധുക്കളുടെയും തിരക്ക് ഓരോ ദിവസവും വർദ്ധിക്കുകയാണ്. പൊങ്കാല അർപ്പിക്കുന്നതിനുള്ള മൺകലങ്ങൾ ഉൾപ്പെടെയുള്ളവയുടെ വ്യാപാരവും പൊടിപൊടിക്കുകയാണ്.

അട്ടക്കുളങ്ങരയിൽ തുടങ്ങി കിഴക്കേകോട്ടയിൽ നിന്ന് ഓവർബ്രിഡ്ജ് വരെയും തമ്പാനൂർ ഭാഗത്തേക്കും കച്ചവടം വ്യാപിച്ചിട്ടുണ്ട്. നഗരത്തിൽ കവടിയാർ അടക്കം പലയിടങ്ങളിലും അടുപ്പുകൾക്കായി കല്ലുകൾ നിരന്ന് കഴിഞ്ഞു.

ഇന്നലെ വൈകിട്ട് 6.45നുള്ള സന്ധ്യാദീപാരാധനയ്ക്കുനുഭവപ്പെട്ട തിരക്ക് രാത്രി ഒന്നിന് നട അടയ്ക്കുന്നതുവരെ തുടർന്നു.

■ഫ്യൂഷനും തോറ്റംപാട്ടും

കലാപരിപാടികളുടെ വേദിയിൽ പിന്നണി ഗായിക ബി. വസന്ത നയിച്ച വസന്തരാഗോത്സവം വലിയ ജനപങ്കാളിത്തവും പ്രോത്സാഹനവുംകൊണ്ട്ശ്രദ്ധേയമായി. പ്രശാന്ത് വർമ്മയും സംഘവും അവതരിപ്പിക്കുന്ന മാനസജപലഹരിയും ഫ്ലൂട്ട് ഫ്യൂഷനും സദസിനെ അടിമുടി ഇളക്കിമറിച്ചു.

മോഹിനിയാട്ടക്കച്ചേരിയും സംഗീതക്കച്ചേരിയും സദസിന് നവ്യാനുഭവമായി മാറി. ഉത്സവഷവനുകളിൽ ആസ്വാദകരില്ലെന്ന ആരോപണങ്ങൾക്കുള്ള തിരിച്ചടിയാണ് തിങ്ങി നിറഞ്ഞ ആറ്റുകാലിലെ ഓരോ വേദിയും.

തോറ്റംപാട്ട് ആസ്വദിക്കാനും ചിലപതികാരം കഥ അറിയാനുമായി പാട്ടുപന്തലിൽ ഏറെപ്പേരെത്തിയിരുന്നു.

ദരിദ്രനായ കോവലൻ ദേവിയുടെ നിർബന്ധത്തിന് വഴങ്ങി നിത്യവൃത്തിക്കായി ദേവിയുടെ ചിലമ്പ് വിൽക്കാനായി കൊണ്ടുപോകുന്നകഥയാണ്ഇന്നലെപാടിയത്.

രാവിലെ ഏഴിന് തുടങ്ങി ഉച്ചയ്ക്ക് ഒരു മണിവരെയാണ് പാട്ട്. പഴയ തലമുറയിൽപെട്ടവരാണ് കഥ കേൾക്കാനെത്തിയവരിൽ ഏറെയും.

എല്ലാ ദിവസവും പന്തലിലെത്തി കഥാഭാഗം ആസ്വദിക്കുന്നവരെയും കാണാം. ഇവർക്ക് പാട്ടും കഥാഭാഗങ്ങളും കാണാപാഠം. പലരും എല്ലാ വർഷവും പത്തു ദിവസവും പാട്ടുപന്തലിൽ മുടങ്ങാതെ എത്തുന്നവരാണ്.

അധികാരത്തിന്റെ ലഹരിയിലായിരുന്ന പാണ്ഡ്യരാജാവ് കോവലനെ ചിലമ്പ് മോഷ്ടിച്ചെന്ന കുറ്റം ചുമത്തി വധിക്കുന്ന കഥയാണ് ഇന്ന് തോറ്റംപാട്ടിൽ അവതരിപ്പിക്കുക.

ആറ്റുകാൽ ദേവീ ക്ഷേത്രത്തിൽ ദർശനത്തിനെത്തിയ ഭക്തരുടെ തിരക്ക്

ആറ്റുകാൽ ക്ഷേത്രത്തിൽ ഇന്ന്

രാവിലെ 4.30ന് പള്ളിയുണർത്തൽ, 5ന് നിർമ്മാല്യ ദർശനം, 5.30ന് അഭിഷേകം, 6.05ന് ദീപാരാധന, 6.40ന് ഉഷഃശ്രീബലി, 7.15ന് കളഭാഭിഷേകം, 8.30ന് പന്തീരടി പൂജ, ദീപാരാധന, 11.30ന് ഉച്ചപൂജ, ഉച്ചയ്ക്ക് 12ന് ദീപാരാധന, 12.30ന് ഉച്ചശ്രീബലി, 1ന് നട അടയ്ക്കൽ, വൈകിട്ട് 5ന് നടതുറക്കൽ, 6.4ന് ദീപാരാധന, രാത്രി 7.15ന് ഭഗവതിസേവ, 9ന് അത്താഴ പൂജ, 9.15ന് ദീപാരാധന, 9.30ന് അത്താഴ ശ്രീബലി, 12ന് ദീപാരാധന, 1ന് നട അടയ്ക്കൽ.

വേദി-1 അംബ

ലൈലാ രവീന്ദ്രനും സംഘവും അവതരിപ്പിക്കുന്ന ഭക്തിഗാന സന്ധ്യ- വൈകിട്ട് 5ന്, മൾട്ടി ഇൻസ്ട്രുമെന്റൽ ഷോ- 6ന്, ദേവിക കൃഷ്ണനും സംഘവും അവതരിപ്പിക്കുന്ന ഗാനമേള രാത്രി 7ന്, ചലച്ചിത്രതാരം അനുമോളും സംഘവും അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ- 9ന്, ഗ്രൽഫാം സത്യജിത് റേ ഫിലിം സൊസൈറ്റിയുടെ ഗാനമേള- 10.30ന്.

വേദി-2 അംബിക

ദേവീമാഹാത്മ്യ പാരായണം- രാവിലെ 5ന്, ഭക്തിഗാനാഞ്ജലി- 6ന്, ഭജന- 7ന്, ഭജന- 8ന്, ഭക്തിഗാനാഞ്ജലി- 9ന്, ലളിതാസഹസ്രനാമജപം- 10ന്, ദേവീമാഹാത്മ്യ പാരായണം- 11ന്, ഭക്തിഗാനസുധ- വൈകിട്ട് 5ന്, ശാസ്ത്രീയ നൃത്തം- 6ന്, ഭരതനാട്യം- രാത്രി 8ന്, ശാസ്ത്രീയ നൃത്തം- 9ന്, ഗാനമേള- 10ന്.

വേദി-3 അംബാലിക

ഭക്തിഗാനസുധ- രാവിലെ 7ന്, സംഗീതക്കച്ചേരി- 8ന്, സംഗീതാർച്ചന- 9ന്, ശാസ്ത്രീയ നൃത്തം- 10ന്, ഈശ്വരനാമജപം- 11ന്, ഭജന- വൈകിട്ട് 5ന്, സംഗീതകച്ചേരി- 6ന്, ഭക്തിഗാനാമൃതം- രാത്രി 7ന്, ഭരതനാട്യം- 8ന്, ശാസ്ത്രീയനൃത്തം- 9ന്, ഊത്തുക്കാട് നവാവരണ ആലാപനം- 10ന്, മോഹിനിയാട്ടം- 11.30ന്.

വീരജവാന്മാർക്കായി വെടിവഴിപാട്

ജമ്മുകാശ്മീരിലെ പുൽവാമയിൽ കഴിഞ്ഞ ദിവസം ഭീകരാക്രമണത്തിൽ ജവാന്മാർ കൊല്ലപ്പെട്ട പശ്ചാത്തലത്തിൽ പട്ടാളക്കാർക്ക് ശക്തിപകരാനും ശത്രുസംഹാരത്തിനുമായി ആറ്റുകാലിൽ 111 വെടിവഴിപാട് നടത്തി. ഫ്രണ്ട്സ് ഒഫ് ടിവാൻഡ്രത്തിന്റെ പേരിലാണ് ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കാൻ കാവൽ നിൽക്കുന്ന ജവാന്മാർക്കായി വഴിപാട് നടന്നത്. വെടിവഴിപാടിന് ഫ്രണ്ട്സ് ഒഫ് ടിവാൻഡ്രം ജില്ലാ പ്രസിഡന്റ് പി. കെ.എസ്. രാജൻ, ശ്രീകണ്ഠേശ്വരം സതീഷ്, പവിത്രൻ കിഴക്കേനട, ആറ്റുകാൽ ജയൻ എന്നിവർ നേതൃത്വം നൽകി.

കേരളകൗമുദി - കസവുമാളിക സമ്മാന വിജയികൾ

തിരുവനന്തപുരം: കേരളകൗമുദിയും കസവുമാളികയും സംയുക്തമായി സംഘടിപ്പിക്കുന്ന ആറ്റുകാൽ സമ്മാനപദ്ധതിയുടെ ഇന്നലത്തെ വിജയികൾ. സി. മോഹനചന്ദ്രനാണ് (അസിസ്റ്റന്റ് കമ്മിഷണർ ഒഫ് പൊലീസ്, നന്ദാവനം) നറുക്കെടുത്തത്.

1. ശശികുമാർ, ചിറത്തലവീട്, മുക്കംപാലമൂട്, ബാലരാമപുരം.

2. തുളസി, കടമ്പാട്ട് ഹൗസ്, പേരാമ്പ്ര, മുക്കോല.

3. സതികുമാർ .ടി, കുര്യത്തി, മണക്കാട്.

4. ഗോപകുമാർ, കുളങ്ങര ഹൗസ്, മേലെവിളാകം.

കെ.എസ്.ഇ.ബിയുടെ സംരംഭ പ്രദർശനം തുടരുന്നു

തിരുവനന്തപുരം: പൊതുജനങ്ങൾക്കായുള്ള കെ.എസ്.ഇ.ബിയുടെ നൂതന സംരംഭങ്ങളുടെ പ്രദർശനം ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിന് സമീപം തുടരുന്നു. ഫോർട്ട് സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എൻജിനിയർ എസ്. അജയകുമാറിന്റെ നേതൃത്വത്തിലാണ് പ്രദർശനം.

പൊതുജനങ്ങളുടെ സുരക്ഷ, കറണ്ടിൽ നിന്നുണ്ടാകുന്ന അപകടത്തിന്റെ വ്യാപ്തി, ഇലക്ട്രിസിറ്റി ബോർഡിന്റെ ഉപയോഗം എന്നിവ സംബന്ധിച്ചുള്ള വർക്കിംഗ് മോഡലുകൾ പ്രദർശനത്തിനുണ്ട്. കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ സൗത്ത് ചീഫ് എൻജിനിയർ സ്റ്റാലിനാണ് ഉദ്ഘാടനം നിർവഹിച്ചത്. പ്രദർശനം 20ന് സമാപിക്കും.

ഡോഗ് ഷോ സംഘടിപ്പിക്കുന്നു

തിരുവനന്തപുരം: ട്രിവാൻഡ്രം കെന്നൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ നാളെ രാവിലെ 9 മുതൽ വൈകിട്ട് 7 വരെ തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ ഡോഗ് ഷോ സംഘടിപ്പിക്കുമെന്ന് ക്ലബ്ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രാജ്യത്തിന് അകത്ത് നിന്നും പുറത്തുനിന്നുമായി 300ൽ പരം നായ്ക്കളാണ് ഷോയിൽ ഉണ്ടായിരിക്കുക. മലേഷ്യയിൽ നിന്നുള്ള ഡെറിക് പി. യു, ആസ്ട്രേലിയയിൽ നിന്നുള്ള ഡേവിഡ് ടാക്കൻ എന്നിവരാണ് വിധിനിർണയം നടത്തുന്നത്. പ്രവേശനം 50 രൂപയുടെ പാസ്മുഖേന. വാർത്താസമ്മേളനത്തിൽ കെന്നൽ ക്ലബ് പ്രസിഡന്റ് രമേശ് കുമാർ .എം, സെക്രട്ടറി സതീഷ്കുമാർ .എസ് തുടങ്ങിയവർ പങ്കെടുത്തു.

പ്രദർശനം സംഘടിപ്പിക്കുന്നു

തിരുവനന്തപുരം: സ്ത്രീകളിൽ സ്വയംപര്യാപ്തത വളർത്തുക, സാമ്പത്തിക ഭദ്രത ഉറപ്പാക്കി സ്ത്രീകളിൽ ആത്മവിശ്വാസം ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെ ഓൺലൈൻ മാർക്കറ്റിംഗ് സേവന വേദിയായ സ്നേഹ കേന്ദ്രം സ്ത്രീകൾക്ക് വേണ്ടി പ്രദർശനം സംഘടിപ്പിക്കുന്നു.

22, 23 തീയതികളിൽ കവടിയാർ വൈ.എം സി.എ ഹാളിലാണ് പ്രദർശനം. പൂർണമായും സ്ത്രീകൾ തയ്യാറാക്കിയ ഉത്പന്നങ്ങളാണ് പ്രദർശനത്തിനുണ്ടാവുക. ഡിസൈനർ എംബ്രോയ്ഡറി വസ്ത്രങ്ങൾ, നാടൻ രുചി വൈവിദ്ധ്യങ്ങൾ, കരകൗശല വസ്ത്രക്കൾ, ആഭരണങ്ങൾ തുടങ്ങിയ ഉത്പന്നങ്ങൾ മേളയിൽ പ്രദർശിപ്പിക്കും.

രാവിലെ 9 മുതൽ വൈകിട്ട് 7 വരെയാണ് പ്രവേശനം. പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് സ്റ്റാളുകൾ മുൻകൂട്ടി ബുക്ക് ചെയ്യാമെന്ന് സ്നേഹ കേന്ദ്രം സ്റ്റാർട്ടപ്പ് ഉടമ ഗായത്രി നിർമല വാർത്താസമ്മേളനത്തിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9745187517

കള്ളിക്കാട് പഞ്ചായത്ത്: ചാമവിളപ്പുറം എൽ.ഡി.എഫിനെ കൈവിട്ടു

■ 18 വർഷത്തിനു ശേഷം യു.ഡി.എഫ് വാർഡ് പിടിച്ചെടുത്തു ■ കഴിഞ്ഞ തോൽവിക്ക് സദാശിവൻ കാണി കണക്കുതീർത്തു ■ ബി.ജെ.പിക്ക് 43 വോട്ടുമാത്രം

കാട്ടാക്കട: കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് ചാമവിളപ്പുറം ഉപതിരഞ്ഞെടുപ്പിൽ (പട്ടികവർഗ സംവരണം) യു.ഡി.എഫ് സ്ഥാനാർത്ഥി കെ. സദാശിവൻകാണി വിജയിച്ചു. 145 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ്യു.ഡി.എഫ് വാർഡ് പിടിച്ചെടുത്തത്. ആകെ പോൾ ചെയ്ത 752 വോട്ടിൽ 427 വോട്ടാണ് കോൺഗ്രസിലെ സദാശിവൻ കാണിക്ക് ലഭിച്ചത്. എൽ.ഡി.എഫിലെആർ.എസ്. ദീപുവിന്(സി.പി.ഐ) 282 വോട്ടും, ബി.ജെ.പിയിലെ ടി. വിനോദിന് 43 വോട്ടും ലഭിച്ചു.

കെ. സദാശിവൻകാണി

കഴിഞ്ഞ 18 വർഷമായി എൽ.ഡി.എഫിനൊപ്പം നിന്ന വാർഡാണിത്. ഇതോടെ എൽ.ഡി.എഫ് ഭരിക്കുന്ന, 13 വാർഡുകളുള്ള പഞ്ചായത്തിൽ യു.ഡി.എഫ് അംഗങ്ങൾ അഞ്ചായി. എൽ.ഡി.എഫിന്റെ അംഗബലം ഏഴാണ്. ഒരു സ്വതന്ത്രനും വിജയിച്ചിരുന്നു.

കഴിഞ്ഞ തവണ വിജയിച്ച എൽ.ഡി.എഫിലെ ഷിബു സർക്കാർ ജോലികിട്ടിയതിനെത്തുടർന്ന് രാജിവച്ചതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ് വേണ്ടിവന്നത്. കഴിഞ്ഞ തവണ ഇവിടെ ബി.ജെ.പി മത്സരിച്ചിരുന്നില്ല. 26 വോട്ടാണ് കെ. സദാശിവൻകാണി അന്ന് പരാജയപ്പെട്ടത്.ആഹ്ലാദപ്രകടനത്തിൽ സദാശിവൻ കാണിക്കൊപ്പം ജില്ലാ പഞ്ചായത്ത് അംഗം അൻസജിതാ റസൽ, കെ.പി.സി.സി നിർവാഹക സമിതി അംഗം എ.കെ. ശശി, കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് വിജയചന്ദ്രൻ, മണ്ഡലം പ്രസിഡന്റ് എം.എം. മാത്യുക്കുട്ടി, ഡി.സി.സി ജനറൽ സെക്രട്ടറി വിൽഫ്രഡ് രാജ്, ഡി.സി.സി അംഗം ഇവനചന്ദ്രൻ, വാവോട് രവി എന്നിവർ പങ്കെടുത്തു.

ഉപതിരഞ്ഞെടുപ്പ്: പ്ലാംപഴിഞ്ഞി യു.ഡി.എഫ് നിലനിറുത്തി

■ ഇടതുമുന്നണി മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു

വെള്ളറട: ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പ്ലാംപഴിഞ്ഞി വനിതാ സംവരണ വാർഡ് ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥി ടി. പ്രഭ 193 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. ആകെയുള്ള 897 വോട്ടിൽ 708 പോൾ ചെയ്തു.

374 വോട്ട് പ്രഭയ്ക്ക് ലഭിച്ചു. ബി.ജെ.പി സ്ഥാനാർത്ഥി സുജകുമാരി 181 വോട്ടോടെ രണ്ടാം സ്ഥാനത്തും എൽ.ഡി.എഫ് സ്ഥാനാർത്ഥി ബിന്ദു 153 വോട്ടോടെ മൂന്നാം സ്ഥാനത്തുമായി. ശക്തമായ ത്രികോണ മത്സരമാണ് നടന്നത്. യു.ഡി.എഫ് അംഗം ഗീത ശിശുപാലൻ സർക്കാർ ജോലി ലഭിച്ചതിനാൽ സ്ഥാനം രാജിവച്ചതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്. 14 അംഗ ഭരണസമിതിയിൽ എൽ.ഡി.എഫിനും യു.ഡി.എഫിനും അഞ്ച് അംഗങ്ങൾ വീതവും ബി.ജെ.പിക്ക് 2 അംഗങ്ങളും രണ്ട് സ്വതന്ത്രൻമാരുമാണ്. ഒരു കോൺഗ്രസ് അംഗം രാജിവച്ചതോടെ യു.ഡി.എഫിന് നാലംഗങ്ങളുടെ പിന്തുണയേ ഉണ്ടായിരുന്നുള്ളൂ. സിറ്റ് വീണ്ടും യു.ഡി.എഫ് പിടിച്ചതോടെ അംഗസംഖ്യ അഞ്ചായി. സ്വതന്ത്രൻമാരുടെ പിന്തുണയോടെയാണ് യു.ഡി.എഫ് പഞ്ചായത്ത് ഭരിക്കുന്നത്.

ടി. പ്രഭ

ഇടതുസർക്കാർ നടപ്പാക്കുന്നത് പാർട്ടിയുടെ അജൻഡ: ഉമ്മൻചാണ്ടി

തിരുവനന്തപുരം: ഇടതുസർക്കാർ നടപ്പാക്കുന്നത് പാർട്ടിയുടെ അജൻഡയാണെന്നും മുൻ യു.ഡി.എഫ് സർക്കാർ നടപ്പാക്കിയത് ജനങ്ങളുടെ അജൻഡയായിരുന്നെന്നും ഉമ്മൻചാണ്ടി പറഞ്ഞു. 'ഗാന്ധി ഇന്ത്യ ജ്വലിക്കട്ടെ, ഗോഡ്സെ ചിത മരിക്കട്ടെ' എന്ന സന്ദേശവുമായി സംസ്കാര സാഹിതി ചെയർമാൻ ആര്യാടൻ ഷൗക്കത്ത് നയിച്ച സാംസ്കാരിക യാത്രയുടെ സമാപനം പേരൂർക്കടയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുൻഡെപ്യൂട്ടി സ്പീക്കർ പാലോട് രവി അദ്ധ്യക്ഷത വഹിച്ചു.

ജാഥാ ക്യാപ്ടൻ ആര്യാടൻ ഷൗക്കത്ത്, വൈസ് ക്യാപ്ടൻ എൻ.വി. പ്രദീപ്കുമാർ, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, ചാണ്ടി ഉമ്മൻ, വി.ആർ. പ്രതാപൻ, കാട്ടൂർ നാരായണപിള്ള, പന്തളം ബാലൻ, അനിൽ വർഗീസ്, കെ.ആർ.ജി. ഉണ്ണിത്താൻ, പി. സൊണാൾജ്, പ്രദീപ് പയ്യന്നൂർ, മോഹൻജി വെൺപുഴശേരി, ഷിബു വൈക്കം, കെ.എം. ഉണ്ണിക്കൃഷ്ണൻ, കാരയിൽ സുകുമാരൻ, രാജേഷ് മണ്ണാമൂല എന്നിവർ സംസാരിച്ചു.

ബൈക്കിൽ സഞ്ചരിച്ച വിദ്യാർത്ഥിക്ക് വെട്ടേറ്റു

തിരുവനന്തപുരം: ബൈക്കിൽ സഞ്ചരിച്ച വിദ്യാർത്ഥിയെ പിന്തുടർന്ന് ബൈക്കിലെത്തിയ രണ്ടു പേർ വെട്ടി പരിക്കേൽപ്പിച്ചു. സൗണ്ട് എൻജിനിയറിംഗ് വിദ്യാർത്ഥിയായ ശ്രീകണ്ഠേശ്വരം സ്വദേശി വിശാഖിനാണ് (23) വെട്ടേറ്റത്.

ഇന്നലെ വൈകിട്ട് 5.30ന് പാൽകുളങ്ങര ജംഗ്ഷനിലായിരുന്നു സംഭവം. ഇടതു കൈയ്ക്ക് സാരമായി പരിക്കേറ്റ വിശാഖിനെ നാട്ടുകാരും പൊലീസും ചേർന്ന് ഉടൻ ജനറൽ ആശുപത്രിയിൽ എത്തിച്ചു. കൈയിൽ 16 തുന്നലുണ്ട്. ഹെൽമെറ്റ് ധരിച്ചിരുന്നതിനാൽ അക്രമികളുടെ മുഖം വ്യക്തമായിട്ടില്ല.

വിശാഖിനോടുള്ള വ്യക്തിവൈരാഗ്യമാണ് സംഭവത്തിന് പിന്നിലെന്നും രാഷ്ട്രീയ ബന്ധമില്ലെന്നും വഞ്ചിയൂർ പൊലീസ് പറഞ്ഞു. പൊലീസ് അന്വേഷണം ആരംഭിച്ചു.

നെടുമങ്ങാട് ബോംബേറ്: പ്രധാന പ്രതികൾ പിടിയിൽ

നെടുമങ്ങാട്: ശബരിമല കർമ്മസമിതി ആഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് നെടുമങ്ങാട് പൊലീസ് സ്റ്റേഷനും സി.പി.എം പ്രവർത്തകരുടെ വീടുകൾക്കും നേരെ ബോംബേറും ആക്രമണവും നടത്തിയ കേസിൽ മൂന്ന് ബി.ജെ.പി പ്രവർത്തകർ കൂടി അറസ്റ്റിൽ. കരിപ്പൂര് മേലാംകോട് പുളിമൂട് വിളാകത്തു വീട്ടിൽ എസ്. ശ്രീനാഥ് (20), കരിപ്പൂര് ഖാദി ബോഡ് ജംഗ്ഷൻ ശ്രീനാഭവനിൽ എം. ശ്രീറാം (20), ഉളിയൂർ ബ്ലോക്ക് ഓഫീസിന് സമീപം സീതാപത്മാലയം വീട്ടിൽ ആർ. അഭിലാഷ് (32) എന്നിവരാണ് അറസ്റ്റിലായത്. പൊലീസ് സ്റ്റേഷൻ ബോംബേറിൽ ഒന്നാം പ്രതിയായ ആർ.എസ്.എസ് ജില്ലാ കാര്യവാഹ് പ്രവീണിനൊപ്പം സെപ്പം. 27ന രാത്രി വാളിക്കോട്ടെ പച്ചക്കറി വ്യാപാരിയെ തല്ലുടിച്ച കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ രണ്ടാം പ്രതിയാണ് ശ്രീനാഥ്. നെടുമങ്ങാട്ഡിവൈ.എസ്.പി അശോകിന്റെയും സി.ഐ സജിമോന്റെയും നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ പിടികൂടിയത്. പൊലീസ് സ്റ്റേഷനു മുന്നിലും കച്ചേരി ജംഗ്ഷനിലും ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച കേസിലും ആനാട് ജംഗ്ഷനിൽ ബാങ്കുകൾക്ക് നാശനഷ്ടം വരുത്തുന്നത് തടഞ്ഞ എസ്.ഐ സുനിൽ ഗോപിയേയും പൊലീസുകാരേയും ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലും നഗരസഭാ കൗൺസിലർ സി. സാബുവിന്റേതടക്കം സി.പി.എം പ്രവർത്തകരുടെ വീടുകൾ ആക്രമിച്ച കേസിലും ഇവർ പ്രധാന പ്രതികളാണെന്ന് പൊലീസ് പറഞ്ഞു. എസ്.ഐമാരായ പ്രതാപചന്ദ്രൻ, സുനിൽ ഗോപി, സലീം, സി.പി.ഒമാരായ ഷാജി, രാജേഷ്, രാജീവ്, പ്രദീപ്, ഫ്രാങ്ക്ളിൻ, ഷിബു, ബിജു എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു. സംഭവ ശേഷം ഒളിവിലായിരുന്ന പ്രതികളെ തമ്പാനൂരിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. ശ്രീനാഥിനെതിരെ ലൂക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

അറസ്റ്റിലായ പ്രതികൾ

സപ്ലൈകോ അഴിമതി വിജിലൻസ് അന്വേഷിക്കണം

തിരുവനന്തപുരം: കോട്ടയ്ക്കകം പീപ്പിൾ ബസാറിലെ ഒമ്പത് ലക്ഷത്തിന്റെ തിരിമറി അന്വേഷിക്കാനുള്ളകോടതിയുടെഉത്തരവ് സർക്കാരും ഭരണകക്ഷി യൂണിയനും ചേർന്ന് മുക്കിയതായി കേരള കോൺഗ്രസ് (ജേക്കബ്) ജില്ലാ കമ്മിറ്റി ആരോപിച്ചു. അഴിമതിയെ കുറിച്ച് വിജിലൻസ് അന്വേഷണംനടത്തണമെന്നുംയോഗം ആവശ്യപ്പെട്ടു.ക്രമക്കേടുകളുമായിബന്ധപ്പെട്ട്പാലക്കാട്ടേക്ക് സ്ഥലം മാറ്റിയ ജീവനക്കാരനെ കൊല്ലും പരവൂർ സൂപ്പർമാർക്കറ്റിൽ നിയമിച്ചിട്ടുണ്ട്. ചാല റേഷൻ സബ് ഡിപ്പോയിൽ ആർ.ഐ തസ്തികയിൽ ഒരാളെ മാത്രമേ നിയമിക്കാവൂ എന്ന ഉത്തരവ് ലംഘിച്ച. ഒരു ജൂനിയർ മാനേജരെക്കൂടി നിയമിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ പ്രൊമോഷൻ ഉറപ്പാക്കാനാണ് പിൻവാതിൽ നിയമനങ്ങളെന്നും യോഗം ആരോപിച്ച പ്രസിഡന്റ് കുമ്മം സുന്ദരേശൻ അദ്ധ്യക്ഷനായി. സംസ്ഥാന, ജില്ലാ നേതാക്കളായ ശാന്തമ്മ തോമസ്, പൊറ്റയിൽ ബാലകൃഷ്ണൻ നായർ, വേലപ്പൻ നായർ, വേങ്ങോട് കിഷോർ തുടങ്ങിയവർ സംസാരിച്ചു.

ഇന്ന്

മിസ്റ്റ് ഹോട്ടൽ: കേരള സർവകലാശാലയിൽ നിന്ന് വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടിയവരുടെ അലുംനി യോഗം- 10ന്

തൈക്കാട് ഗണേശം: ടി.പി. ഫെല്ലിനിയുടെ സിനിമ 'തീവണ്ടി' പ്രദർശനം- 6.45ന്

കൊടുങ്ങാനൂർ ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ: ഭാരതീയവിദ്യാഭവന്റെയും ഇൻഫോസിസ് ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് ശില്പനിർമ്മാണ പരിശീലനം- 10ന്

കേശവദാസപുരം എൻ.എസ്.എസ് കരയോഗം ഹാൾ: മന്നം ജന്മശതാബ്ദി സ്മാരക ഗ്രന്ഥശാലയുടെ കവിയരങ്ങ്- 4.30ന്

കോട്ടയ്ക്കകം അദ്വൈതാശ്രമം: വിശ്വനാഥന്റെ ഭജന- 7ന്

വേളി സെന്റ് തോമസ് ദൈവാലയം: തിരുനാൾ മഹോത്സവം, അൽമായ ദിനം

ഇടപ്പഴിഞ്ഞി അളകാപുരി ഓഡിറ്റോറിയം: സി.ബി.എസ്.ഇസ്കൂൾ മാനേജ്മെന്റ്അസോസിയേഷന്റെ ഏകദിന കോൺഫറൻസ്

കവടിയാർ സദ്ഭാവന ഭവൻ: ഭാരത് സേവക് സമാജ് സംസ്കാര ഭാരതത്തിന്റെ പ്രതിമാസ കാവ്യസദസ്സ്- 2ന്

തൈക്കാട് ഭാരത് ഭവൻ: ചലച്ചിത്ര അക്കാഡമിയുടെ പ്രതിവാര ചലച്ചിത്ര പ്രദർശനം, ചിത്രം: ഗ്രഡ്മോണിംഗ്-6ന്

ശാസ്തമംഗലം ശ്രീരാമകൃഷ്ണാശ്രമം: അപരോക്ഷാനുഭൂതിയെകുറിച്ച് സ്വാമി ദുർഗാനന്ദ സരസ്വതിയുടെ പ്രഭാഷണം- 5ന്

ചെല്ലമംഗലം ദേവീക്ഷേത്രം: തൃക്കൊടിയേറ്റ്മഹോത്സവം ഏഴാം ഉത്സവം

കിഴക്കേകോട്ട പാർക്ക് രാജധാനി: നാഷണൽ സീനിയർ സിറ്റിസൺസ്മൂവ്മെന്റിന്റെ 14മത്വാർഷിക സമ്മേളനവും കെ.പി.പി ഉണ്ണിത്താൻ മെമ്മോറിയൽ അവാർഡ് ദാനവും- 10ന്

വാഴോട്ടുകോണം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ: വട്ടിയൂർക്കാവ്ജവഹർപബ്ലിക്സ്കൂളിന്റെ 26ാമത്വാർഷിക സമ്മേളനവും മെറിറ്റ് അവാർഡ് ദാനവും- 3ന്

സിനിമ

■ന്യൂ (2323244) ::